കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നടന്ന ക്രമക്കേടുകൾ

74 (4695) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്തുകളിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര തുകയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ ചെംനാട് ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുകളെക്കുറിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സ് (വി.സി.2/07/കെ.എസ്.ഡി) അന്വേഷണം പൂർത്തിയാക്കി വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്. ഇതിൽ 49,478 രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

ബാക്കിയെല്ലാ കേസ്സുകളും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുണ്ട് എന്ന് പറയാൻ സാധിക്കുകയുള്ളൂ.

അഡ്വഞ്ചർ ടൂറിസം

75 (4696) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ടൂറിസം വികസനത്തിനുവേണ്ടി നീക്കി വച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സാഹസിക (അഡ്വഞ്ചർ) ടൂറിസത്തിനുള്ള സാധ്യതകൾ ഇതിനകം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് സംസ്ഥാനത്ത് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാകുകയും അന്യസംസ്ഥാനങ്ങൾ ഈ രംഗത്ത് മുന്നേറുകയും ചെയ്യുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയാത്തതായ കാര്യം പരിശോധിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 9532.5 ലക്ഷം രൂപ (തൊണ്ണൂറ്റിയഞ്ച് കോടി മുപ്പത്തിരണ്ടു ലക്ഷത്തി അൻപതിനായിരം രൂപ) 2009-2010 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ടൂറിസം വികസനത്തിനുവേണ്ടി നീക്കിവച്ച വർക്കുകൾക്ക് ഭരണാനുമതി നൽകുകയും, 8021.28 ലക്ഷം രൂപ (എൺപതുകോടി ഇരുപത്തിയൊന്നു ലക്ഷത്തി ഇരുപത്തിയെട്ടായിരം രൂപ) ഇതിനകം തന്നെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഇടുക്കി ജില്ലയിലെ വാഗമൺ അഡ്വഞ്ചർ ടൂറിസം പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായ 'ആസ്ത' (Adventure Sports & Sustainable Tourism Academy) എന്ന സ്ഥാപനവുമായി ചേർന്ന് ടൂറിസം വകുപ്പ് എല്ലാ വർഷവും വാഗമണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചുവരുന്നു.

(സി) അഡ്വഞ്ചർ ടൂറിസം നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം തേടുന്നതിനുള്ള ഒരു പദ്ധതി ടൂറിസം വകുപ്പ് പരിഗണിച്ചുവരുന്നു.

ഉത്തേജക പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

76 (4697) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിന്റെ മാന്ദ്യമകറ്റാൻ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) ഉത്തേജക പാക്കേജിന്റെ ഭാഗമായി അനുവദിച്ച റോഡുകളുടെ നിർമ്മാണത്തിന് എത്ര കോടി രൂപയാണ് ചെലവിടേണ്ടി വരിക ;

(സി) ഈ വർഷം ഇതിനായി എത്ര രൂപയുടെ ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം ഇതിനായി എന്തൊക്കെ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly